അടിമക്കച്ചവടം.

*513. [2] ശ്രീ കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹരിജനങ്ങളെ അടിമക്കച്ചവടം നടത്തുന്നുണ്ടെന്നുള്ള പരാതിയെ തുടർന്ന് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത്; എവിടെയെല്ലാം അന്വേഷിച്ചു;

(സി) അന്വേഷണത്തിന്റെ ഫലമെന്താണെന്ന് പറയാമോ?

ഹരിജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(ബി) ഹരിജൻ വെൽഫെയർ ഡയറക്ടറാണ് അന്വേഷണം നടത്തിയത്.

അടിമക്കച്ചവടമുണ്ടെന്നു പറയുന്ന വയനാട്ടിലാണ് അന്വേഷണം നടത്തിയത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ അടിമക്കച്ചവടം ഉണ്ടോ എന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയതിന്റെ ഫലമെന്താണ് ?

ശ്രീ. കെ. കുഞ്ഞമ്പു : അന്വേഷണത്തിൽ അടിമക്കച്ചവടം ഇല്ലെന്ന് തെളിഞ്ഞിട്ടുണ്ട്. അവിടെയുള്ള ആദിവാസികളെ കുടിയിരുത്താനും ആവശ്യമായ ഭൂമി അകപയർ ചെയ്തു കൊടുക്കാനും നടപടി എടുക്കണമെന്നും, അക്കൂട്ടത്തിൽ സാമൂഹ്യമണ്ഡലങ്ങളിൽ അവരെ ഉയർത്തുന്നതിനുവേണ്ടി പ്രത്യേക പ്രവർത്തനങ്ങളൊക്കെ സംഘടിപ്പിക്കണമെന്നും ഹരിജൻ വെൽഫെയർ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ഒ. കോരൻ : ആ സ്ഥലങ്ങളിൽ പരസ്യമായി ലേലം വിളിച്ചു അടിമക്കച്ചവടം നടത്തിയിട്ടുണ്ടെന്നതിനെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങടങ്ങിയ എഴുതിയിട്ടുള്ള റിപ്പോർട്ട് ഹോം മിനിസ്റ്റർക്ക് അയച്ചിട്ടുണ്ട്. അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തെറ്റായി റിപ്പോർട്ടുചെയ്ത ആളുടെമേൽ നടപടി എടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഹോം മിനിസ്റ്റർക്ക് പ്രത്യേകമായി കൊടുത്ത റിപ്പോർട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഹോം മിനിസ്റ്റർക്ക് കൊടുത്തിട്ടുള്ള ഹർജികൾ മന്ത്രിക്ക് കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഇതുപോലെ ആരോപണങ്ങളുണ്ടായാൽ അതിനെപ്പറ്റി ഹോം മിനിസ്റ്റർക്കോ മറ്റേതെങ്കിലും മിനിസ്റ്റർക്കോ കൊടുത്തുകഴിഞ്ഞാൽ അതിനെപ്പറ്റി അന്വേഷണം നടത്തി വ്യക്തമായി തെളിയിക്കേണ്ടതല്ലേ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇതു് അടിയന്തിരമായി ഹരിജൻ വെൽഫെയർ ഡയറക്ടർ സ്ഥലത്തുചെന്ന് അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞതു്. അടിമക്കച്ചവടം അവിടെ ഇല്ലെന്ന് വ്യക്തമായി റിപ്പോർട്ട ചെയ്തിട്ടുണ്ട്. പിന്നെ പ്രത്യേകിച്ച് ഹോം മിനിസ്റ്റർക്ക കൊടുത്ത പരാതിയെപ്പറ്റി അറിഞ്ഞുകൂടെന്നാണ് പറഞ്ഞതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കോഴിക്കോട്ട ഡിസ്ട്രിക്ടിൽ ഡിസ്ട്രിക്ടു് ഗസറ്റിയറിൽ അടിമക്കച്ചവടമുണ്ടെന്നു പ്രസിദ്ധീകരിച്ചതു് മുഖ്യമന്ത്രിയുടെയോ, ഗവണ്മെന്റിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. വളരെ കൊല്ലങ്ങൾക്കുമുമ്പു് ഇങ്ങനെയൊരു സമ്പ്രദായം ഉണ്ടായിരുന്നുവെന്നും ഇന്നു് ആ സമ്പ്രദായം ഇല്ലെന്നതാണു് പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : അടിമക്കച്ചവടം ഇല്ലെന്നു് ഉറപ്പിച്ചു പറയുന്നുണ്ടു്. പിന്നെ എന്തു കച്ചവടമാണു് അവിടെ നടക്കുന്നതു്. ഇപ്പോൾ അവിടെ നടക്കുന്നതിനു് എന്താണു പേരു്. ആ ഏർപ്പാടു് അവസാനിപ്പിക്കുന്നതിനുള്ള വ്യക്തമായ നടപടികൾ എന്തെല്ലാം ?

ശ്രീ. കെ. കുഞ്ഞമ്പു : അവിടെ ഇപ്പോഴുള്ളതു് നിൽപ്പുപണം എന്നൊരു സമ്പ്രദായമാണു്. ഒരു കൊല്ലത്തേക്കു് ഒരാളുടെ കീഴിൽ ജോലിചെയ്യുകൊള്ളാമെന്നൊരു സമ്പ്രദായമുണ്ടു്. അതു് അടിമക്കച്ചവടമല്ലെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ : അന്വേഷണം നടത്തി ഡയറക്ടർ ചില നിർദ്ദേശങ്ങൾ നൽകി എന്നു പറഞ്ഞു ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഡയറക്ടറുടെ നിർദ്ദേശത്തിൽ ഗിരിവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമികൾ അന്യാധീനപ്പെടുത്തുന്ന നടപടികൾ ഇല്ലാതാക്കുന്നതിനുവേണ്ടി അടിയന്തിരമായി നിയമനിർമ്മാണം കൊണ്ടുവരണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. അവക്കാവശ്യമുള്ള ഭൂമികൾ പൊന്നുംവിലയ്ക്കെടുത്തു കൊടുക്കുകയും, വേണ്ടതു നിർമ്മിച്ചുകൊടുക്കുകയും ചെയ്യണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ നിന്നും ശാശ്വതമായ അടിമക്കച്ചവടമില്ല അല്പാതെയുള്ള അടിമക്കച്ചവടമുണ്ടെന്നാണു് മനസ്സിലാകുന്നതു്. ഇതു് നിറുത്തലാക്കാൻ വല്ല നിയമനിർമ്മാണവും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെ സംബന്ധിച്ചാണു് പറഞ്ഞിട്ടുള്ളതു് പ്രത്യേകമായ ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ട കാര്യം ഡയറക്ടർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതു് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ : അടിമക്കച്ചവടമുണ്ടെന്നുള്ളതിനു തെളിവായി ശ്രീ. ഒ. കോരൻ നിയമസഭയിൽ സമർപ്പിച്ച "കേരളത്തിലെ ആഫ്രിക്ക" എന്ന പുസ്തകമെഴുതിയ ഉദ്യോഗസ്ഥന്റെ മേൽ നടപടി എടുത്തു എന്നു പറയുന്നതു ശരിയാണോ ? ഡയറക്ടറുടെ റിപ്പോർട്ടു പ്രകാരം തൊഴിലുടമ ഇതു് കുറെയൊക്കെ ഉണ്ടെന്നു പറയുന്ന സ്ഥിതിക്കു് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുത്തതു ശരിയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : നടപടി എടുത്തിട്ടില്ല. ആ ഉദ്യോഗസ്ഥൻ നേരിട്ടു് ബഹുമാനപ്പെട്ട ഒരു മെമ്പർക്കു് ഒരു ലറ്റർ അയയ്ക്കുകയുണ്ടായി. ആ ലറ്ററിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി എടുക്കണമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ഉച്ചക്കഞ്ഞി വിതരണം

* 519. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന പോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പ്രൈമറി സ്കൂൾവിദ്യാർത്ഥികൾക്കു് ഏർപ്പെടുത്തിയ ഉച്ചക്കഞ്ഞി വിതരണം നിറുത്തലാക്കാൻ കാരണമെന്തു് ;

(ബി) ഇപ്പോൾ ഉച്ചക്കഞ്ഞി എവിടെയെങ്കിലും നൽകിവരുന്നുണ്ടോ ?